ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 29181 ഗുണഭോക്താക്കൾക്ക് 54,69,06,104/- രൂപയും (അമ്പത്തി നാല് കോടി അറുപത്തി ഒൻപത് ലക്ഷത്തി ആറായിരത്തി ഒരുനൂറ്റി നാല് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിന് 79,59,396/- രൂപയും (എഴുപത്തൊമ്പത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് ഇതിനുപുറമെ സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം 3,018 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1,00,000 രൂപ വരെ

(50,000 രൂപ വരെ അപേക്ഷകന്റെ പേർക്കും അതിനുമുകളിൽ 1 ലക്ഷം രൂപ വരെ രോഗിയെ ചികിത്സിക്കുന്ന ആശുപത്രിയുടെ പേർക്കുമാണ് അനുവദിക്കുന്നത്.)

**പട്ടികജാതി വിഭാഗക്കാർക്ക് സാമൂഹ്യക്ഷേമ പരിപാടികൾ**

30 (2332) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കിയ സാമൂഹ്യക്ഷേമ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) ജീർണ്ണിച്ച വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും ഒരു മുറികൂടി പുതിയതായി പണിയിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 1. <u>അധിക ധനസഹായമായി നൽകുന്ന പദ്ധതി</u>

പട്ടികജാതി വികസന വകുപ്പുമുഖേന 2007-08 മുതൽ 2013-14 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ചവരിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാകാതെ ദീർഘകാലമായി അവശേഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കൾക്ക് നിശ്ചിതഘട്ടം പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ നിശ്ചിത ഗഡു തുക 2 ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2. <u>പഠനമുറി</u>

സർക്കാർ എയ്ഡഡ് ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് ഒരു പഠനമുറി നിർമ്മാണം നടത്തുന്നതിന് 2 ലക്ഷം രൂപവീതം അനുവദിക്കുന്ന ഒരു പദ്ധതി വകുപ്പ് 2017-18-ൽ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

3 <u>വാത്സല്യനിധി</u>

പട്ടികജാതി ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ച് വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം സർക്കാരിന്റെ പരിഗണനയിലാണ്

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലാണ് ഈ സാമ്പത്തിക വർഷം ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

5. <u>വിവാഹ ധനസഹായം</u>

വിവാഹ ധനസഹായ പദ്ധതിയുടെ തുക 50,000/- രൂപയിൽനിന്നും 75,000/- രൂപയായും വരുമാനപരിധി 50,000/- രൂപയിൽനിന്ന് 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

6. <u>മിശ്ര വിവാഹ ധനസഹായം</u>

മിശ്ര വിവാഹ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച് നൽകിവരുന്ന തുകയായ 50,000/- രൂപ 75,000/- രൂപയായും വരുമാനപരിധി 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

7. <u>ചികിത്സാ ധനസഹായ പദ്ധതി</u>

ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് വരുമാനപരിധി 50,000/- രൂപയിൽനിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുകയുടെ വർദ്ധനവ്

വകുപ്പിന്റെ കീഴിലുള്ള നഴ്സറി സ്കൂളിൽ പഠിക്കുന്നവർക്കും സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും നൽകിവരുന്ന ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25% നിരക്കിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 50% ആയി ഉയർത്തുന്നകാര്യം പരിഗണനയിലാണ്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നു.

(ബി) 1. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

2. ദുർബല വിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതി

ടി പദ്ധതി പ്രകാരം 50,000/- രൂപവരെ വാർഷിക വരുമാനമുള്ള വേടൻ, നായാടി, ചക്ലിയ, അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും ഭവന നിർമ്മാണത്തിന് 3,50,000/- രൂപയും അനുവദിച്ചു നൽകിവരുന്നു.

(സി) ഉണ്ട്. പട്ടികജാതി വിഭാഗക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കംചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായമായി നൽകിവരുന്നു. ടി തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി**

31 (2333) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനു വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രൂപയാണ് വായ്പയായി നൽകുന്നത്എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly